

DISCOVER
ITS BEAUTY

ഭാഗം 4

# മനുഷ്യരാശിയെ കുഴക്കിയ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

ഡോ. നാജി ഇബ്രാഹീം



# മനുഷ്യരാശിയെ കുഴക്കിയ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

മനുഷ്യരാശിയെ കുഴക്കിയ ചോദ്യങ്ങൾക്ക് ഇസ്‌ലാമിന് വ്യക്തമായ ഉത്തരങ്ങളുണ്ട്. അവയിൽ ചിലത് താഴെ കൊടുക്കുന്നു:

- ആത്യന്തിക സത്യം എന്താണ്?
- ആരാണ് നമ്മെ സൃഷ്ടിച്ചത്?
- ദൈവമുണ്ടോ?
- ആരാണ് നമ്മുടെ യഥാർത്ഥ ദൈവം?
- ആരാണ് ദൈവത്തിന്റെ അന്ത്യദൂതൻ?
- ആരെയാണ് നമ്മൾ ആരാധിക്കേണ്ടത്?
- നമ്മൾ ആരാണ്?
- നമ്മുടെ ജീവിത ലക്ഷ്യം എന്താണ്?
- നമ്മൾ മരിക്കുമോ ഇല്ലയോ?
- മരണ ശേഷം നമുക്കെന്ത് സംഭവിക്കും?
- അടുത്ത ജീവിതം എങ്ങനെയായിരിക്കും?
- നമ്മുടെ അന്തിമ ലക്ഷ്യസ്ഥാനം എവിടെയാണ്– സ്വർഗമോ അതോ നരകമോ?
- യഥാർത്ഥ മനസ്സമാധാനവും വിജയവും സന്തോഷവും എങ്ങനെ കൈവരിക്കാം?
- അനശ്വര ജീവിതം എങ്ങനെ കൈവരിക്കാം?

**സത്യാന്വേഷണത്തിനായി മനസ്സും ഹൃദയവും തുറന്നുവെച്ച്, സത്യസന്ധമായി വായിച്ച് സ്വയം വിലയിരുത്തൂ.**


ആത്യന്തിക സത്യം

# ആത്യന്തിക സത്യം എന്താണ്?

മുഴവൻ സൃഷ്ടികളെയും ഏകസത്യദൈവമായ അല്ലാഹുവാണ് സൃഷ്ടിച്ചതെന്ന് ഇസ്‌ലാം നമ്മോട് പറയുന്നു. സകല മനുഷ്യരും മൃഗങ്ങളും ഭൂമിയും പർവ്വതങ്ങളും സമുദ്രങ്ങളും നദികളും സസ്യങ്ങളും വനങ്ങളും സൂര്യനും ചന്ദ്രനും താരാപഥങ്ങളും ഭ്രമണപഥങ്ങളും ദിനരാത്രങ്ങളുമെല്ലാം മഹോന്നതനായ ദൈവത്തിന്റെ സൃഷ്ടികൾ തന്നെ. നമുക്കറിയാവുന്നവയും ഇതുവരെ കണ്ടുപിടിക്കപ്പെടാത്തവയും ഉൾപ്പെടെയുള്ള മറ്റെല്ലാ വസ്തുക്കളും അവന്റെ അനന്തമായ സൃഷ്ടി പ്രക്രിയയുടെ ദൃഷ്ടാന്തങ്ങളാണ്.


ഭൂമിയിലെ സകല ജീവജാലങ്ങളെയും പടച്ചത് അല്ലാഹുവാണ്. സമയം, സ്ഥലം, ഊർജ്ജം, ദ്രവ്യം എന്നിവയൊക്കെയുള്ള പ്രപഞ്ചത്തെയും സൃഷ്ടിച്ചത് അവൻ തന്നെ. ഈ പ്രപഞ്ചത്തെയും അതിലുള്ള സർവ്വതിനേയും പരിപാലിക്കുന്നതും ഈ പ്രപഞ്ചത്തിൽ സംഭവിക്കുന്നതെല്ലാം നിയന്ത്രിക്കുന്നതും അല്ലാഹുവാണ്.

എന്നിരുന്നാലും, ചിലരെങ്കിലും തങ്ങളുടെ അസ്തിത്വത്തിന് കാരണം 'യാദൃച്ഛികത' അല്ലെങ്കിൽ 'പ്രകൃതി' ആണെന്ന വാദവുമായി മുന്നോട്ട് വരാറുണ്ട്! ശാസ്ത്രീയമായി 'പ്രകൃതി' എന്നതുകൊണ്ട് എന്താണ് അവരുദ്ദേശിക്കുന്നതെന്ന് നമുക്കൊന്ന് നിർവചിച്ചു നോക്കാം! എന്താണ് പ്രകൃതി?

പ്രകൃതിയിൽ സസ്യങ്ങളും ഗ്രഹങ്ങളും താരാപഥങ്ങളും ഭ്രമണപഥങ്ങളും താഴ്‌വരകളും പർവ്വതങ്ങളും സമുദ്രങ്ങളും നദികളും ഭൂമി, സൂര്യ, ചന്ദ്ര, നക്ഷത്രാദികളും മറ്റ് വസ്തുക്കളും ഉണ്ടെന്നത് നിങ്ങൾ സമ്മതിക്കുമല്ലോ? ഇവ സ്വയം ഉണ്ടായതാണോ? ഇവയാണോ മനുഷ്യരെ സൃഷ്ടിച്ചത്?

വിശുദ്ധ ഖുർആൻ മനോഹരമായി നമ്മോട് പറയുന്നു:


- **ഹേ മനുഷ്യരേ, നിങ്ങളെയും നിങ്ങളുടെ മുമ്പുള്ളവരെയും സൃഷ്ടിച്ചവനായ നിങ്ങളുടെ രക്ഷിതാവിനെ നിങ്ങൾ ആരാധിക്കുവിൻ; നിങ്ങൾ സൂക്ഷ്മതയുള്ളവരായേക്കാം. (2:21).**
- **ആകാശങ്ങളെയും, ഭൂമിയെയും അവൻ യഥാർത്ഥ (മുറ) പ്രകാരം സൃഷ്ടിച്ചിരിക്കുന്നു. (39:5).**
- **രാവ്, പകൽ, സൂര്യൻ, ചന്ദ്രൻ എന്നിവയെ പടച്ചുണ്ടാക്കിയവനത്രെ അവൻ (അല്ലാഹു). (21:33).**


അല്ലാഹുവാണ്
സത്യദൈവം

ദൈവത്തെ കാണാനും തൊടാനും പരീക്ഷണത്തിന് വിധേയമാക്കാനും കഴിയാത്തത് കൊണ്ടാണ് തങ്ങൾ ദൈവത്തിൽ വിശ്വസിക്കാത്തത് എന്നാണ് പ്രകൃതിയിൽ മാത്രം വിശ്വസിക്കുന്നവർ പലപ്പോഴും വാദിക്കാറുള്ളത്!

കുറച്ച് വർഷങ്ങൾക്ക് മുമ്പ്, യു.എസിലെ ഒറിഗോണിലുള്ള പ്രായമായ എന്റെ അയൽക്കാരൻ വീട്ടിലേക്ക് വന്നു. ഞങ്ങൾ സംസാരിച്ച പല കാര്യങ്ങളിലൊന്ന് ദൈവ സങ്കൽപ്പമായിരുന്നു. ദൈവാസ്തിക്യം നിഷേധിച്ചുകൊണ്ട് അദ്ദേഹം ഡൈനിംഗ് ടേബിളിൽ അടിച്ച്, വികാരഭരിതനായി പറഞ്ഞു: “ഈ ടേബിൾ തൊടാനും അനുഭവിക്കാനും കഴിയുന്നതിനാൽ ഇതുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു!” അദ്ദേഹവുമായി സംവദിക്കാനെന്നോണം ഞാൻ മുറിയിലെ വിളക്കിലേക്ക് ചൂണ്ടി ചോദിച്ചു: “നിങ്ങൾ വൈദ്യുതി ഉണ്ടെന്ന് വിശ്വസിക്കുന്നുണ്ടോ?” അദ്ദേഹം മറുപടി പറഞ്ഞു: “തീർച്ചയായും” ഞാൻ ചോദിച്ചു: “വെളിച്ചം സൃഷ്ടിക്കുന്ന ശക്തിയെയോ ഊർജ്ജത്തെയോ നിങ്ങൾക്ക് കാണാൻ കഴിയുന്നുണ്ടോ?” “ഇല്ല”, അദ്ദേഹം മറുപടി പറഞ്ഞു. ഞാൻ അദ്ദേഹത്തോട് പിന്നെയും ചോദിച്ചു: “നിങ്ങൾ എപ്പോഴെങ്കിലും സ്വന്തം കണ്ണുകൊണ്ട് നാം ശ്വസിക്കുന്ന വായു കണ്ടിട്ടുണ്ടോ? നിങ്ങൾക്ക് വികാരങ്ങളുണ്ടോ? അവയുടെ നിറങ്ങൾ, രൂപങ്ങൾ, ഭാവങ്ങൾ എന്തൊക്കെയാണ്? എന്താണ് ഉറക്കം? അതിന്റെ നിറം അല്ലെങ്കിൽ ഭാരം എന്താണ്? യഥാർത്ഥത്തിൽ കാണാതെത്തന്നെ ഇങ്ങനെ എത്രയെത്ര കാര്യങ്ങളിൽ നാം വിശ്വസിക്കുന്നു?”

മറ്റൊരവസരത്തിൽ, നോർവേയിലെ ഓസ്ലോയിലുള്ള ഒരു ഹോട്ടലിൽ വെച്ച് ക്രിസ് എന്നൊരു ചെറുപ്പക്കാരനെയും അദ്ദേഹത്തിന്റെ ഭാര്യയെയും ഞാൻ കണ്ടുമുട്ടി. അവരുമായുള്ള സൗഹൃദ ചർച്ചക്കിടയിൽ ഞാൻ ക്രിസിനോട് ചോദിച്ചു: “അങ്ങനെയെങ്കിൽ, ജീവിതത്തിന്റെ ലക്ഷ്യം എന്താണ്?” ആശ്ചര്യത്തോടെ അദ്ദേഹം മറുപടി പറഞ്ഞു: “ഞാൻ ആദ്യമായാണ് ഇങ്ങനെയൊരു ചോദ്യം കേൾക്കുന്നത്! എന്റെ ജീവിതത്തിന് ഒരു ലക്ഷ്യവുമില്ലെന്നാണ് ഞാൻ കരുതുന്നത്”, “ഞാൻ ഒരു ദൈവത്തിലും വിശ്വസിക്കുന്നില്ല” എന്ന് പറഞ്ഞുകൊണ്ട് അദ്ദേഹം സംസാരം അവസാനിപ്പിച്ചു. എന്തുകൊണ്ടാണ് ദൈവത്തിൽ വിശ്വസിക്കാത്തതെന്ന എന്റെ ചോദ്യത്തിന്, “ഞാൻ ഇതുവരെ ദൈവത്തെ കാണാത്തത് കൊണ്ട്” എന്നദ്ദേഹം വിശദീകരിച്ചു. അപ്പോൾ ഒരു പുഞ്ചിരിയോടെ ഞാൻ ചോദിച്ചു: നിങ്ങൾ ഭാര്യയെ സ്നേഹിക്കുന്നുണ്ടോ? ഈ സ്നേഹം നിങ്ങൾക്ക് മൂർത്തമായി കാണാൻ കഴിയുന്നുണ്ടോ? നിങ്ങളുടെ സ്നേഹത്തിന്റെ നിറം എന്താണ്? അതിന്റെ ഭാരം എത്രയാണ്? ക്രിസും ഭാര്യയും എങ്ങനെ




പ്രതികരിച്ചിരിക്കുമെന്ന് സങ്കൽപ്പിച്ച് നോക്കൂ! ഈ അമൂർത്തമായ സ്നേഹം കാണാനോ കൃത്യമായി അളക്കാനോ കഴിയാത്തതിനാൽ നമ്മളാരും അതിന്റെ യാഥാർത്ഥ്യമോ അസ്തിത്വമോ നിഷേധിക്കില്ലല്ലോ.

ഇതേ യുക്തിയനുസരിച്ച്, (ദൈവത്തിന്റെ മഹത്വം ഗ്രഹിക്കാൻ കഴിയാത്ത നമ്മുടെ പരിമിതമായ കഴിവുകളും ഇന്ദ്രിയങ്ങളും ഉപയോഗിച്ച്) ദൈവത്തെ നമുക്ക് കാണാൻ കഴിയില്ലെന്നത് കൊണ്ട് നാം ദൈവനിഷേധികളായി മാറിക്കൂടാ.

അസംഖ്യം ആറ്റങ്ങളുടെയും കോശങ്ങളുടെയും ടിഷ്യൂകളുടെയും പേശികളുടെയും സൃഷ്ടിയിൽ പ്രകടമാകുന്ന അനന്തമായ ദൃഷ്ടാന്തങ്ങൾക്കും തെളിവുകൾക്കും പുറമേ, എല്ലാ ജീവ–നിർജീവ സൃഷ്ടികളിലും ദൈവാസ്തിക്യം വ്യക്തവും സുദൃശ്യവുമാണ്.

മനുഷ്യചരിത്രത്തിലുടനീളം, ആയിരക്കണക്കിന് ദൈവദൂതന്മാരും (അവരിൽ ചിലരുടെ പേരുകൾ മാത്രമേ നമുക്കറിയൂ) അവരുടെ കോടിക്കണക്കിന് അനുയായികളും ദൈവാസ്തിക്യം സ്ഥിരീകരിച്ചിട്ടുണ്ട്. ശാസ്ത്ര സിദ്ധാന്തങ്ങൾ യഥാർത്ഥത്തിൽ പ്രപഞ്ചത്തെ മാത്രം വിശദീകരിക്കുകയും അത് സൃഷ്ടിച്ചതും ഈ രീതിയിലാക്കിയതും ആരെന്നോ എന്തെന്നോ അന്വേഷിക്കാതിരിക്കുകയും ചെയ്യുന്നുവെന്നിരിക്കെ, ശാസ്ത്രത്തെ മാത്രം മുൻനിർത്തി ഈ കോടാനുകോടി മനുഷ്യരുടെയും ദൃഷ്ടാന്തങ്ങളുടെയും സാക്ഷ്യത്തെ അവഗണിക്കുന്നത് യുക്തിസഹമോ സാമാന്യബുദ്ധിക്ക് നിരക്കുന്നതോ ആണോ? വാസ്തവത്തിൽ, ശാസ്ത്രീയ തെളിവുകൾ സൂചിപ്പിക്കുന്നത്, നമ്മുടെ പ്രപഞ്ചം 'യാദൃച്ഛികമായി' ഉടലെടുത്തതാകാനുള്ള സാധ്യത വളരെ കുറവാണെന്നാണ്. എന്നിട്ടും പ്രപഞ്ചത്തിന്റെ നിലനിൽപ്പിനും രീതിക്കും നിരീശ്വരവാദികൾക്ക് കണ്ടെത്താനാകുന്ന ഒരേയൊരു വിശദീകരണം 'യാദൃച്ഛികത' മാത്രമാണ്. അവരുടെ അഭിപ്രായത്തിൽ, **'ഇത് ഇങ്ങനെയങ്ങ് സംഭവിക്കുകയാണ്'**.

ഇതെല്ലാം കണക്കിലെടുത്ത്, ഏത് വിശ്വാസമാണ് കൂടുതൽ യുക്തിസഹമായതെന്ന് ചിന്തിച്ച് നോക്കൂ: അന്ധമായ യാദൃച്ഛികതയാണ് എല്ലാറ്റിനെയും നിയന്ത്രിക്കുന്നത് എന്നതോ, അതോ പ്രപഞ്ചം ഇന്ന് കാണുന്ന രീതിയിലാകാൻ കാരണം അത് സൃഷ്ടിച്ചതും നിയന്ത്രിക്കുന്നതും അല്ലാഹുവാണ് (ദൈവം) എന്നതോ?.



# ഈ ചോദ്യങ്ങൾ വിചിന്തനം ചെയ്യൂ

- **പ്രപഞ്ചം ഒരു ബുദ്ധിമാനായ സ്രഷ്ടാവിന്റെ കരവിരുതോ, അതോ അന്ധമായ യാദൃച്ഛികത കാരണം രൂപം കൊണ്ടതോ?**


- **'ശാസ്ത്രം' അല്ലെങ്കിൽ 'പരിണാമ സിദ്ധാന്തം' ദൈവാസ്തിക്യം തെറ്റാണെന്ന് തെളിയിക്കുന്നുണ്ടോ?**

ഇസ്‌ലാമിലെ സത്യം ലളിതമാണ്. പ്രപഞ്ചത്തിന്റെ സ്രഷ്ടാവും പരിപാലകനുമായി (അനുഗൃഹീതനും മഹോന്നതനുമായ) ഒരേയൊരു ദൈവം മാത്രമേയുള്ളൂ. ദൈവത്തിന് മുകളിലായോ തുല്യമായോ ഒരാളെയും അല്ലെങ്കിൽ ഒന്നിനെയും നമ്മൾ പരിഗണിക്കരുത്. ഏകസത്യദൈവമായ അല്ലാഹു നമ്മെ സൃഷ്ടിച്ചത് അവനെ അറിയാനും അവനെ മാത്രം ആരാധിക്കാനും വേണ്ടിയാണ്.

ദൈവകൽപനകൾ പൂർണ്ണമായി പിൻപറ്റി ശരിയായി ആരാധന നിർവ്വഹിക്കുന്നവർക്ക് സ്വർഗ്ഗത്തിലെ അനശ്വര ജീവിതത്തിലേക്ക് പ്രവേശിക്കാം.

നേരെ മറിച്ച് പാപകരമായ സ്വന്തം കാമങ്ങളെയും ആഗ്രഹങ്ങളെയും പിന്തുടരുകയും മറ്റുള്ളവരെ ചൂഷണം ചെയ്യുകയും അടിച്ചമർത്തുകയും ചെയ്ത് ദൈവത്തെ ധിക്കരിക്കുന്നവർ നരകത്തിലെറിയപ്പെടും, ആകട്ടെ, നിങ്ങൾ എവിടെയാണ് ഇടം പ്രതീക്ഷിക്കുന്നത്?

ഏകസത്യദൈവമായ അല്ലാഹുവിലുള്ള വിശ്വാസത്തിലൂടെയും സമർപ്പണത്തിലൂടെയും മാത്രമേ നമുക്ക് യഥാർത്ഥ സന്തോഷവും മനസ്സമാധാനവും നേടാൻ കഴിയൂ.


الله أكبر
അല്ലാഹുവാണ് ഏറ്റവും വലിയവൻ

# ആരാണ് സത്യദൈവം?


സുപ്രധാനമായ ഈ ചോദ്യത്തിന് ഇസ്‌ലാം വ്യക്തമായും മനോഹരമായും ഉത്തരം നൽകുന്നു. മാത്രമല്ല, അത് ഏകസത്യദൈവത്തിന്റെ തനതായ സ്വഭാവത്തെയും ഗുണങ്ങളെയും സംബന്ധിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുകയും ചെയ്യുന്നു. വിശുദ്ധ ഖുർആൻ പറയുന്നു:

**"(നബിയെ) പറയുക: അതു [കാര്യം]: അല്ലാഹു ഏകനാകുന്നു. അല്ലാഹു സർവ്വാശ്രയനായ യജമാനനത്രെ. അവൻ(സന്താനം) ജനിപ്പിച്ചിട്ടില്ല; അവൻ (സന്താനമായി) ജനിച്ചുണ്ടായിട്ടുമില്ല. അവനു തുല്യനായിട്ട് യാതൊരുവനും ഇല്ലതാനും."** (112:1–4)

വിശുദ്ധ ഖുർആനിലെ ഒരു സമ്പൂർണ്ണ അധ്യായമാണ് മുകളിൽ കൊടുത്തിരിക്കുന്നത്. ഈ അത്ഭുതകരമായ അധ്യായം സംക്ഷിപ്തമായി ഏകസത്യദൈവമായ അല്ലാഹുവിനെക്കുറിച്ചും അവന്റെ യഥാർത്ഥ സ്വഭാവത്തെക്കുറിച്ചുമുള്ള പരമമായ സത്യം വിളിച്ചോതുകയും ഒരുപാടാളുകളെ ആശയക്കുഴപ്പത്തിലാക്കുന്ന പ്രധാനപ്പെട്ട ചോദ്യങ്ങൾക്ക് വ്യക്തമായി ഉത്തരം നൽകുകയും ചെയ്യുന്നു.

ദൈവമാണെന്ന് വാദിക്കുന്നവരിൽ (അല്ലെങ്കിൽ, വാദിക്കപ്പെടുന്ന മറ്റുള്ളവയിൽ) നിന്ന് സത്യദൈവമായ അല്ലാഹുവിനെ വേർതിരിക്കുന്ന ചില ഗുണങ്ങൾ ഇവയാണ്:

- ഈ സത്യദൈവമാണ് യഥാർത്ഥ സ്രഷ്ടാവ്, അവൻ സൃഷ്ടിക്കപ്പെട്ടതോ ജനിച്ചതോ അല്ല.
- ഈ സത്യദൈവം ഒന്നേയുള്ളൂ, അവന് പങ്കാളികളോ തുല്യരോ ഇല്ല.
- ഈ ഏകസത്യദൈവം ഈ ജീവിതത്തിൽ നമുക്ക് അദൃശ്യനാണ്.
- ഈ ഏകസത്യദൈവം അവന്റെ സൃഷ്ടിയുടെ ഏതെങ്കിലും ഭൗതിക രൂപങ്ങളിൽ അവതരിക്കുകയോ പ്രത്യക്ഷപ്പെടുകയോ ചെയ്തിട്ടില്ല.
- ഈ ഏകസത്യദൈവം അനശ്വരനാണ്. മരണമോ മാറ്റമോ അവനില്ല. അവൻ എപ്പോഴും നമുക്കൊപ്പം ഉണ്ടാകും.
- ഈ ഏകസത്യദൈവത്തിന് അമ്മ, ഭാര്യ, മകൻ പോലുള്ള ആരുടെയും അല്ലെങ്കിൽ ഒന്നിന്റെയും ആവശ്യമില്ല, ഭക്ഷണമോ പാനീയമോ മറ്റേതെങ്കിലും തരത്തിലുള്ള സഹായമോ ആവശ്യമില്ല. മറ്റുള്ളവർക്ക് അവനെയാണ് ആവശ്യം.
- ഈ ഏകസത്യദൈവം അതുല്യമായ വിശേഷണങ്ങളുള്ളവനാണ്. അവനെപ്പോലെ ഒരാളുമില്ല, മനുഷ്യന്റെയോ മൃഗത്തിന്റെയോ സ്വഭാവങ്ങളൊന്നും അവനിൽ ആരോപിക്കാനാവില്ല.



# എങ്ങനെ മനസ്സമാധാനം നേടാം?

തീർച്ചയായും ഇസ്‌ലാം നമ്മുടെ സഹജമായ സ്വഭാവങ്ങൾ തിരിച്ചറിയുകയും ചോദ്യങ്ങൾക്ക് ഉത്തരം നൽകുകയും ചെയ്യുന്നു. അത് നമ്മുടെ ആത്മാവുകളോടും നമ്മുടെ ആത്മികവും ബൗദ്ധികവുമായ ആവശ്യങ്ങളോടും പ്രവണതകളോടും സംസാരിക്കുന്നു. നമ്മുടെ ആത്മാവുകളിലും മനസ്സുകളിലും ഹൃദയങ്ങളിലുമുള്ള ആഴമേറിയ രഹസ്യങ്ങളും ചിന്തകളും അറിയുന്ന അല്ലാഹു, അവയ്ക്ക് ശാന്തിയും സംതൃപ്തിയും നൽകുന്ന രഹസ്യങ്ങൾ നമുക്ക് വെളിപ്പെടുത്തിത്തരുന്നു.

മനസ്സമാധാനം നേടാൻ നമ്മെ സഹായിക്കുന്ന ചില മാർഗ്ഗങ്ങളും രഹസ്യങ്ങളും ഇവയാണ്:

1. സ്രഷ്ടാവായ ഏകസത്യദൈവത്തെ അറിയുക.
2. ദൈവത്തിൽ മാത്രം വിശ്വസിക്കുക.
3. ദൈവഹിതം പിന്തുടർന്ന് അവനെ അനുസരിക്കുക.
4. ദൈവദൂതന്മാരിൽ വിശ്വസിക്കുക (മുഹമ്മദ് നബി ഉൾപ്പെടെയുള്ള).
5. ദൈവത്തെ ഓർക്കുക.
6. ദൈവത്തോട് പാപമോചനം തേടുക.
7. ദൈവത്തെ മാത്രം ആരാധിക്കുക.
8. സ്വയം ആഗ്രഹിക്കുന്നത് മറ്റുള്ളവർക്കും ആഗ്രഹിക്കുക.
9. മറ്റുള്ളവരോട് ഉദാരമായി പെരുമാറുക, അവരെ സന്തോഷിപ്പിക്കാൻ ശ്രമിക്കുക.
10. ആത്മാർത്ഥതയും ഭക്തിയുമുള്ളവരാകുക.



# ഉപസംഹാരം

മനസ്സമാധാനം, ശാന്തി, സംതൃപ്തി, ആത്മികവും സാമൂഹികവും ആഗോളവുമായ സമാധാനം എന്നിവ കൈവരിക്കുന്നതിനുള്ള ഈ രഹസ്യങ്ങൾ വിശുദ്ധ ഖുർആനിലെയും മുഹമ്മദ് നബിയുടെ (ദിവ്യ ശാന്തി അവരിൽ സദാ വർഷിക്കട്ടെ) വചനങ്ങളിലെയും മഹത്തായ നിധികളിൽ പെട്ടതാണ്.

ചുരുക്കത്തിൽ, ഇസ്‌ലാം മനുഷ്യ രാശിയുടെ നിർണായകവും സുപ്രധാനവുമായ ചോദ്യങ്ങൾക്ക് ഉത്തരം നൽകുകയും ഏകസത്യ ദൈവമായ അല്ലാഹുവിനെ അറിഞ്ഞ് പൂർണ്ണമനസ്സോടെയും സ്വയേച്ഛയോടെയും വിശ്വസിക്കുന്നതിലൂടെ മാത്രമേ നമുക്ക് മനസ്സമാധാനവും സന്തോഷവും മോക്ഷവും നേടാനാകൂ എന്ന് അതിന്റെ രണ്ട് പ്രധാന ആധികാരിക സ്രോതസ്സുകളിലൂടെ (വിശുദ്ധ ഖുർആനും മുഹമ്മദ് നബിയുടെ വചനങ്ങളും) നമ്മെ പഠിപ്പിക്കുകയും ചെയ്യുന്നു. കൂടാതെ, യഥാർത്ഥ ദൈവദൂതന്മാരിൽ (മുഹമ്മദ് നബി ഉൾപ്പെടെ) എല്ലാവരിലും വിശ്വസിക്കുകയും അവരുടെ യഥാർത്ഥ മാർഗനിർദേശവും അധ്യാപനങ്ങളും പിന്തുടരുകയും വേണം.



# പ്രധാന ഇസ്‌ലാമിക സംജ്ഞകളുടെ നിർവചനങ്ങൾ

**അല്ലാഹു:** അറബിയിൽ, അല്ലാഹു എന്നത് സ്രഷ്ടാവായ ഏകസത്യദൈവത്തിന്റെ ശരിയായ നാമമാണ്. എല്ലാ മനുഷ്യരുടെയും സത്യദൈവമാണ് അല്ലാഹു എന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു. ജൂതരും ക്രൈസ്തവ അറബികളും ദൈവത്തെ പരാമർശിക്കാൻ അല്ലാഹു എന്ന നാമമാണ് ഉപയോഗിക്കുന്നത്. അറബി ഭാഷയിലുള്ള ബൈബിളുകളും ദൈവത്തിന് ഇതേ പദം ഉപയോഗിക്കുന്നു.

**മുഹമ്മദ്:** (ദിവ്യശാന്തി അവരിൽ സദാ വർഷിക്കട്ടെ) ഏകസത്യദൈവമായ സ്രഷ്ടാവായ അല്ലാഹു, മനുഷ്യകുലത്തിലേക്കാകമാനം അയച്ച അന്ത്യദൂതനാണ്.

**വിശുദ്ധ ഖുർആൻ:** മുഹമ്മദ് നബിക്ക് അവതരിച്ച അന്തിമ വേദഗ്രന്ഥം

**ഇസ്‌ലാം:** ഏകസത്യദൈവമായ അല്ലാഹുവിന്റെ ഹിതത്തിനുള്ള സമർപ്പണം.

**മുസ്‌ലിം:** ഏകസത്യദൈവമായ അല്ലാഹുവിന് സ്വയം സമർപ്പിക്കുകയും അവനെ മാത്രം ആരാധിക്കുകയും ചെയ്യുന്നവൻ.

**പള്ളി (മസ്ജിദ്):** മുസ്‌ലിംകൾ മുഖ്യമായും പ്രാർത്ഥനക്കും ആരാധന കൾക്കുമായി ഉപയോഗിക്കുന്ന ശുദ്ധിയും വൃത്തിയുമുള്ള സ്ഥലം.


അല്ലാഹു അറബിയിൽ


അല്ലാഹുവിനോട് പ്രാർത്ഥിക്കുന്ന മുസ്‌ലിം


വിശുദ്ധ ഖുർആൻ


മുഹമ്മദ് അറബിയിൽ

# ഇനിയുമറിയാൻ ആകാംക്ഷയുണ്ടോ?

ഇസ്ലാമിനെക്കുറിച്ച് കൂടുതൽ വിവരങ്ങളും വിശദാംശങ്ങളും അറിയാൻ നിങ്ങൾക്ക് ആകാംക്ഷയും താൽപര്യവുമുണ്ടെങ്കിൽ, ദയവായി ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കുക:

**www.discoveritsbeauty.com**

## "അതിന്റെ സൗന്ദര്യം കണ്ടെത്തു" സീരീസ്:

1. ഇതൊരു തുടക്കം മാത്രം
2. ആദമിന്റെയും ഹവ്വയുടെയും മതം
3. ഇസ്ലാമിന്റെ അടിസ്ഥാന തത്വങ്ങൾ
4. മനുഷ്യരാശിയെ കുഴക്കിയ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ
5. അല്ലാഹുവിന്റെ മനോഹര നാമങ്ങൾ
6. അന്തിമ വെളിപാട്
7. അന്ത്യ ദൂതൻ

## ഉപകാരപ്രദമായ ഇസ്ലാമിക വെബ്സൈറ്റുകൾ:

http://www.allahsquran.com

http://www.quranexplorer.com

http://www.islamhouse.com

http://www.edialogue.org

http://www.islamreligion.com

http://www.newmuslimguide.com

http://www.guidetoislam.com/en/

# സത്യസാക്ഷ്യവചനം
## (ഇസ്‌ലാമിലേക്കുള്ള കവാടം)


“അല്ലാഹു അല്ലാതെ ഒരു ദൈവവുമില്ലെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു, മുഹമ്മദ് അല്ലാഹുവിന്റെ ദൂതനാണെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.” അറബിയിൽ അത് ഇങ്ങനെ വായിക്കാം:

أشهد أن لا إله إلا الله وأشهد أن محمدا رسول الله

അതിന്റെ ഉച്ചാരണം ഇങ്ങനെയാണ്:

**അശ്ഹദു അല്ലാഇലാഹ ഇല്ലല്ലാഹ്**
**വ അശ്ഹദു അന്ന മുഹമ്മദൻ റസൂലുല്ലാഹ്.**

ഇസ്‌ലാം സ്വീകരിക്കാൻ ഒരാൾ ഉച്ചരിക്കേണ്ട വിശ്വാസ സാക്ഷ്യമാണിത്; ഇസ്‌ലാമിക സൗന്ദര്യത്തിന്റെയും ലാളിത്യത്തിന്റെയും സത്യത്തിന്റെയും സംഗ്രഹമാണിത്.






GLOBAL ACADEMY FOR TRANSLATION AND EDUCATION (GATE)
LONDON | THE UNITED KINGDOM
വിവർത്തനം: AL-ANDALUS GROUP LTD
WWW.ALANDALUSGROUP.ORG

كتاب الإجابة عن تساؤلات البشرية الحاسمة باللغة المالايالامية